**ബ്രിക്സ് വിദേശകാര്യ മന്ത്രിമാരുടെ സമ്മേളനം പത്രക്കുറിപ്പ്**
**(ന്യൂയോര്ക്ക് സെപ്തംബര് 25, 2014 )**
**സെപ്തംബര് 26, 2014**

ഐക്യരാഷ്ട്ര സഭ അസംബ്ലിയുടെ അറുപത്തി ഒന്പതാം സമ്മേളനത്തിന് മുന്നോടിയായി ബ്രിക്സ് വിദേശകാര്യ മന്ത്രിമാരുടെ യോഗം സെപ്തംബര് 25, 2014 ല് ചേര്ന്നു .
തുറന്ന പരസ്പര പ്രയോജനകരമായ സഹകരണത്തിന്റെ , ആര്ജ്ജവത്തിന്റെ, അംഗീകരിക്കലിന്റെ ഊര്ജസ്വലതയില് മന്ത്രിമാരാ , വളരെ അടുപ്പമുള്ള സാമ്പത്തിക പങ്കാളിത്തത്തിനും ഗണ്യമായ സഹകരണത്തിനുമുള്ള ബ്രിക്സിന്റെ പ്രതിബദ്ധത ആവര്ത്തിച്ചുറപ്പിച്ചു.
ആറാമത് ബ്രിക്സ് ഉച്ചകോടി സംഘടിപ്പിച്ചതിനും ഫോര്ടലേസ കര്മ്മ പദ്ധതി വിജയകരമാക്കി നടപ്പാക്കിയതിനും ബ്രസീലിനെ മന്ത്രിമാര് അഭിനന്ദിച്ചു. ന്യൂ ഡെവലപ്മെന്റ് ബാങ്ക് സ്ഥാപിക്കുന്നതിനും ആകസ്മികമായ സംഭവങ്ങള്ക്കുള്ള കരുതല് വ്യവസ്ഥ (Contingent Reserve Arrangement) ഉച്ചകോടിയില് തീരുമാനിച്ചതും ബ്രിക്സ് സഹകരണത്തെ അടിസ്ഥാനപരമായി പുതിയ തലത്തില് എത്തിച്ചതായി അവര് അടിവരയിട്ടു പറഞ്ഞു .
ഫോര്ടലെസ പ്രഖ്യാപനത്തില് പറഞ്ഞത് പോലെ ബ്രിക്സിനുള്ളില് സാമ്പത്തിക , വ്യാപാര , നിക്ഷേപ സഹകരണം പോഷിപ്പിക്കുന്നതിനു ഒരു യോഗം സംഘടിപ്പിക്കുന്നതിന്റെ ആവശ്യകതയെ കുറിച്ച് മന്ത്രിമാര് ആവര്ത്തിച്ചു പറഞ്ഞു.
ഐക്യരാഷ്ട്ര സഭ അജണ്ടയിലെ പ്രശ്നങ്ങള് ചര്ച്ച ചെയ്യുന്നതിനിടയില് മന്ത്രിമാര് താഴെ പറയുന്നവയ്ക്ക് ഊന്നല് നല്കി :
രണ്ടാം ലോക മഹായുദ്ധത്തിന്റെയും ഐക്യരാഷ്ട്ര സഭ സ്ഥാപനത്തിന്റെയും എഴുപതാം വാര്ഷികം ആണ് 2015 എന്ന് മന്ത്രിമാര് . മനുഷ്യ ചരിത്രത്തിലെ ചരിത്ര നിമിഷങ്ങള് ആയ ഈ

രണ്ടു സംഭവങ്ങലോടുമുള്ള ബഹുമാന സൂചകമായി സ്മരണ നിലനിര്ത്തുന്ന ചടങ്ങുകള് സംഘടിപ്പിക്കുന്നതിനു ഐക്യരാഷ്ട്ര സഭയെ അവര് പിന്തുണച്ചു . ലോക സമാധാനം, സുരക്ഷ, മനുഷ്യ പുരോഗതിയും വികസനവും സംരക്ഷിക്കുവാനുള്ള ഐക്യരാഷ്ട്ര സഭ ചാര്ട്ടര് അടിസ്ഥാനമാക്കിയുള്ള നീതി പൂര്വകവും ന്യായവുമായ അന്താരാഷ്ട്ര നിയമം സംരക്ഷിക്കുന്നതിന് ബ്രിക്സ് അംഗങ്ങള്ക്കുള്ള പ്രതിബദ്ധത അവര് ഉറപ്പിച്ചു പറഞ്ഞു .
കൂടുതല് പ്രാതിനിധ്യംവും , ഫലപ്രദവും കാര്യക്ഷമവുമായ രീതിയില് സുരക്ഷാ കൌണ്സില് ഉള്പ്പെടെ ഐക്യരാഷ്ട്രസഭയില് വ്യാപകമായ പരിഷ്കാരത്തിന്റെ ആവശ്യകത അവര് വീണ്ടും ഉറപ്പിച്ചു പറഞ്ഞു . അത് വഴി ആഗോള വെല്ലുവിളികളോട് തൃപ്തികരമായി പ്രതികരിക്കുവാന് സാധിക്കും
ഗാസ മുനമ്പില് സ്ഥിരമായ തത്ക്കാലയുദ്ധവിരാമത്തില് എത്തിച്ചേരുന്നതിനും സേനയെ ഉപയോഗിക്കുന്നത് ആവര്ത്തിക്കുന്നത് തടയുവാനും വെടിനിര്ത്തല് വാഴ്ച സംരക്ഷിക്കുന്നതിനു അവരുടെ പരമാവധി ശ്രമങ്ങള് ചെയ്യുന്നതിനും മന്ത്രിമാര് ഇസ്രായേലിനോടും പലസ്തീനിനോടും ആവശ്യപ്പെട്ടു . യുദ്ധപ്രവര്ത്തനങ്ങള്ക്കു വിരാമമിടുന്നതില് ഈജിപ്ത് നടത്തിയ പങ്കാളിത്തത്തെ അവര് അഭിനന്ദിച്ചു .
വിജയപ്രദമായ , സമീപവര്ത്തിയായ , സ്വതന്ത്ര പാലസ്തീന് രാജ്യമെന്ന അന്തിമ ലക്ഷ്യം ഇസ്രായേലും പാലസ്തീനും തമ്മില് അന്താരാഷ്ട്ര നിയമത്തില് അടിസ്ഥാനമാക്കി , ഐക്യരാഷ്ട്ര പ്രമേയങ്ങള് അനുസരിച്ചുള്ള ചര്ച്ചകള് എത്രയും പെട്ടെന്ന് പുനരാരംഭിക്കുന്നതിന് പിന്തുണ ബ്രിക്സ് അംഗരാജ്യങ്ങളിലെ മന്ത്രിമാര് പ്രകടിപ്പിച്ചു . 1967 ലെ അതിര്ത്തികള് പോലെ പരസ്പരം പിന്തുണയ്ക്കുന്ന , ഒപ്പം ഒപ്പം ജീവിക്കുന്ന സുരക്ഷയിലും സമാധാനത്തിലും കഴിയുന്ന ഇസ്രായേലും പാലസ്തീനും പോലെ , സ്വതന്ത്രവും അന്താരാഷ്ട്ര സമൂഹത്തോട് പ്രത്യേകിച്ചും ഐക്യരാഷ്ട്ര സുരക്ഷ കൌണ്സിലിലിനോട് , ഈ

ലക്ഷ്യം യാഥാര്ത്ഥ്യം ആകുവാനുള്ള ശ്രമങ്ങള് കൂടുതല് തീവ്രമാക്കുവാന് അവര് ആവശ്യപ്പെട്ടു.
ഗാസയിലെ ഗൌരവപൂര്ണമായ മനുഷ്യാവസ്ഥയെ കുറിച്ചുള്ള ഉത്കണ്ഠകള് അവര് പ്രകടിപ്പിച്ചു. ഒക്ടോബറില് കെയ്റോവില് വച്ച് ഈജിപ്തും നോര്വേയും നടത്തുവാന് പോകുന്ന അന്താരാഷ്ട്ര ദായക സമ്മേളനത്തെ ( International Donors Conference) ബ്രിക്സ് അംഗരാജ്യ വിദേശകാര്യ മന്ത്രിമാര് പിന്തുണച്ചു. ഇത് ഗാസ മുനമ്പ് പുനര്നിര്മ്മാണം ലക്ഷ്യമാക്കിയുള്ള സമ്മേളനം ആണ്.
പാലസ്തീന് ലിബറേഷന് ഓര്ഗനൈസേഷന് , അറബ് പീസ് ഇനിഷിയെട്ടീവ് , എന്നിവയുടെ രാഷ്ട്രീയ അടിസ്ഥാനതറയില് നിന്ന് കൊണ്ട് പാലസ്തീന് അതിര്ത്തികളില് ഭരണ ഐക്യം വീണ്ടെടുക്കുന്നതിന് ഗാസയിലെ തടസം നീക്കി, ഇത്തരം സംരംഭങ്ങള്ക്കു പിന്തുണ നല്കേണ്ടത് ആണെന്ന് മന്ത്രിമാര് അടിവരയിട്ടു പറഞ്ഞു.
ശക്തമായ, വികസിതമായ ,സമാധാനം നിറഞ്ഞ രാഷ്ട്രത്തിന് വേണ്ടി അഫ്ഗാനിസ്ഥാനിലെ പുതിയ ഗവണ്മെന്റിനെ പിന്തുണക്കുവാന് പ്രതിബദ്ധമായി രണ്ടു അഫ്ഗാന് നേതാക്കള് തമ്മില് കരാറില് എത്തിയതിനെ മന്ത്രിമാര് സ്വാഗതം ചെയ്തു.
ആഫ്രിക്കയിലെ ചില സംഘര്ഷ മേഖലകളെയും , അത് ചില രാജ്യങ്ങളിലെ സുരക്ഷ, സ്ഥിരത എന്നിവയെ ബാധിക്കുന്നതിനെയും കുറിച്ച് ഉത്കണ്ഠ മന്ത്രിമാര് പ്രകടിപ്പിച്ചു. ആഫ്രിക്കയിലെ സംഘര്ഷങ്ങള് കൈകാര്യം ചെയ്യുന്നതിന് ഐക്യരാഷ്ട്രസഭ , അന്താരാഷ്ട്ര സമൂഹം , ആഫ്രിക്കന് യൂണിയന് , സമാധാന സുരക്ഷ കൌണ്സില് എന്നിവയുടെ പിന്തുണയോടെ പ്രധാന ഭാഗം ആഫ്രിക്ക തന്നെ ശ്രമിക്കണം എന്ന പൊതു കാഴ്ചപ്പാട് അവര് പ്രകടമാക്കി.
ബ്രിക്സ് രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാര് , ഇടക്കാല പ്രതിസന്ധിഘട്ട സത്വര പ്രതികരണതിനുള്ള ആഫ്രിക്കന് കാര്യക്ഷമത (African Capacity for Immediate Response to Crises (ACIRC)

സ്ഥാപനത്തെയും ആലംബത്തിനായി തയാറാക്കിയ ആഫ്രിക്കന് സേനയേയും പിന്തുണക്കുവാനും അവരുടെ ശ്രമങ്ങളോട് യോജിച്ചു പ്രവര്ത്തിക്കുവാനുമുള്ള വഴികള് കണ്ടെത്തുവാനും തങ്ങള്ക്കുള്ള താത്പര്യം പ്രകടിപ്പിച്ചു.

എബോള വൈറസ് പൊട്ടിപ്പുറപ്പെട്ടതിലും അതിന്റെ ആഘാതം പടിഞ്ഞാറന് ആഫ്രിക്കയിലെ രാജ്യങ്ങളില് ഉണ്ടായതിലുമുള്ള അതീവ ഉത്കണ്ഠ ബ്രിക്സ് അംഗ രാജ്യങ്ങള് പ്രകടമാക്കി. എബോള ബാധിത രാജ്യങ്ങളെ ഈ സ്ഥിതിയില് സഹായിക്കുന്നതിനും കാര്യക്ഷമമായ രീതിയില് പ്രതികരിക്കുന്നതിനും ലോകാരോഗ്യസംഘടന ഉള്പ്പെടെ എല്ലാ ഐക്യരാഷ്ട്ര സംവിധാനങ്ങളോടും എത്രയും പെട്ടെന്ന് വ്യാപകമായ പിന്തുണയും അവര് ആവശ്യപ്പെട്ടു. ഈ വിഷയത്തില് എബോള അത്യാഹിത പ്രതികരണത്തിനുള്ള ഐക്യരാഷ്ട്ര ദൌത്യത്തിന്റെ പ്രവര്ത്തനത്തെ അവര് സ്വാഗതം ചെയ്തു. ഈ വിഷയത്തില് , എബോള പൊട്ടിപ്പുറപ്പെടലിനോടുള്ള പ്രതികരണമായി സെപ്തംബര് 25, 2014 നു ഐക്യരാഷ്ട്ര സഭ സെക്രട്ടറി-ജനറല് സംഘടിപ്പിച്ച ഉന്നത തല യോഗത്തെ അവര് പിന്തുണച്ചു. ഈ രോഗത്തിനെതിരെ ഓരോ ബ്രിക്സ് രാജ്യവും അന്താരാഷ്ട്ര ശ്രമങ്ങള്ക്ക് സഹായം നല്കിയിട്ടുണ്ട് .

ഉക്രെയിനില് സമാധാനവും സ്ഥിരതയും ഉറപ്പുവരുത്തുന്നതിലെ പ്രാധാന്യത്തെ മന്ത്രിമാര് അടിവരയിട്ടു . സെപ്തംബര് 24, 2014 ഒപ്പ് വച്ച ത്രികക്ഷി ബന്ധ സംഘത്തിലെ ചര്ച്ചകളിലൂടെ ഉണ്ടായ പെരുമാറ്റച്ചട്ടങ്ങളെ അവര് സ്വാഗതം ചെയ്യുകയും , അതേ പെരുമാറ്റച്ചട്ടങ്ങള് നടപ്പിലാക്കുവാനുള്ള ധാരണാ പത്രത്തില് അതെ ദിവസം ഒപ്പ് വക്കുകയും ചെയ്തു . ഈ രേഖകളില് പറയുന്ന നിബന്ധനകള് പാലിക്കുമെന്ന് പ്രതീക്ഷിക്കുന്നു എന്നും അവര് പറഞ്ഞു

വിദേശ തീവ്രവാദ പോരാളികളെ കുറിച്ച് ഐക്യരാഷ്ട്രസഭ

കൌണ്സില് നടത്തിയ പ്രമേയത്തെ സെപ്തംബര് 24 , 2014 നു മന്ത്രിമാര് പിന്തുണച്ചു.  അംഗങ്ങളെ ചേര്ക്കല് തടയുക, അതിര്ത്തി കടന്നുള്ള പ്രവര്ത്തനം നിര്ത്തുക, അവര്ക്കുള്ള സാമ്പത്തിക പിന്തുണ തടയുക തുടങ്ങിയവ ഉള്പ്പെടെ  വിദേശ തീവ്രവാദ പോരാളികള് നടത്തുന്ന ഭീഷണികളെ  എതിരിടാനുള്ള ശ്രമങ്ങള്ക്ക് ഒപ്പം സഹകരിക്കുവാനും അവര്  അന്താരാഷ്ട്ര സമൂഹത്തോട് ആവശ്യപ്പെട്ടു.
ഉഫാ നഗരത്തില് 2015 ല് നടക്കുവാന് പോകുന്ന ബ്രിക്സ് ഏഴാമത് ഉച്ചകോടിക്ക് വേണ്ടിയുള്ള ഒരുക്കങ്ങളെ കുറിച്ച് പങ്കാളികളോട് റഷ്യന് വശം വിശദീകരിക്കുകയുണ്ടായി. സഹകരണത്തിലെ പുതിയ മേഖലകളും രീതികളും പോഷിപ്പിക്കുന്നതിനൊപ്പം അസോസിയേഷന്റെ തന്ത്രപ്രധാന ശ്രദ്ധ തുടരുന്നത് ഉറപ്പാക്കുവാനുള്ള  ആഗ്രഹം പ്രകടിപ്പിക്കുകയുണ്ടായി . അത് പ്രാരംഭ പ്രക്രിയയില്  റഷ്യയുടെ അധ്യക്ഷപദവിയില് ഉള്ളയാള് പങ്കു വയ്കും
ഐക്യരാഷ്ട്രസഭ അസംബ്ലിയുടെ അറുപത്തി ഒന്പതാമത് സമ്മേളനത്തില്  ഓരോരുത്തരുടെയും  സംരംഭങ്ങളെ പിന്തുണക്കുവാനുള്ള സാധ്യതകളെ കുറിച്ച് അവര് ചര്ച്ച ചെയ്യുകയുണ്ടായി .

**ന്യൂയോര്ക്ക് ,**
**സെപ്തംബര്  25, 2014**